## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2743 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗങ്ങളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗങ്ങളുടെ എണ്ണം മലവേട്ടുവരെയും മാവിലൻമാരെയും, ഉൾപ്പെടുത്തുക വഴി 50000 ഓളം ആയിട്ടും ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ട പശ്ചാത്തല സൗകര്യങ്ങളും ഓഫീസ് സൗകര്യവും വർദ്ധിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | കാസർഗോഡ് ജില്ലയിലെ മാവിലൻ, കരിമ്പാലൻ, മലവേട്ടുവൻ സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് മൂലം പട്ടികവർഗ്ഗ ജനസംഖ്യ വർദ്ധിച്ചതിനെ തുടർന്ന് ടി വിഭാഗം ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യ വികസനവും കൂടുതൽ ഫലപ്രദമാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ നീലേശ്വരം കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് ആരംഭിക്കുന്നതിനും, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടേറ്റിലേക്കും ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകളിലേക്കും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ചുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ വെളിച്ചത്തിൽ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം മാത്രമെ മറ്റു നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ